# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 926 12.06.2013 -ൽ മറുപടിയ്ക്ക്

### പട്ടികജാതിക്കാർക്ക് ചികിത്സാ ധനസഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ശശി | ശ്രീ. എ. പി.അനിൽകുമാർ<br>(ബഹു: പട്ടികജാതി -പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) മാരക രോഗങ്ങൾ ബാധിച്ച പട്ടികജാതിക്കാർക്ക് ഒരു ലക്ഷം രൂപാ വരെ ചികിത്സാ ധനസഹായം നൽകുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര പേർക്ക് ധനസഹായം നൽകിയെന്ന് വ്യക്തമാക്കുമോ; | (എ) മാരക രോഗങ്ങൾ ബാധിച്ച പട്ടികജാതിക്കാർക്ക് ഒരു ലക്ഷം രൂപ വരെ ചികിത്സാ ധനസഹായം നൽകുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം 25 പേർക്ക് ഒരു ലക്ഷം രൂപ വീതം നൽകിയിട്ടുണ്ട്. |
| (ബി) ഏതെല്ലാം രോഗങ്ങൾക്കാണ് ഒരു ലക്ഷം രൂപ വരെ ചികിത്സാ ധനസഹായം ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ധനസഹായം ലഭിക്കാൻ അപേക്ഷ എവിടെ നൽകണമെന്നും അപേക്ഷയിൽ എന്തെല്ലാം | (ബി) ഹൃദയശസ്ത്രക്രിയ, ക്യാൻസർ, വൃക്കമാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരക രോഗങ്ങളുടെ ചികിത്സക്കായി ഒരു ലക്ഷം രൂപ വരെ ധനസഹായം |

രേഖകൾ ഉൾപ്പെടുത്തണമെന്നും വിശദമാക്കാമോ?

അനുവദിക്കുന്നു.

നിർദ്ദിഷ്ട ഫാറത്തിലുള്ള അപേക്ഷ രോഗിയുടെ ജാതി വരുമാന സർട്ടിഫിക്കറ്റുകൾ, ചികിത്സിക്കുന്ന ആശുപത്രിയിലെ ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റ്, ചികിത്സയ്ക്ക് വേണ്ടി വരുന്ന ചെലവു സംബന്ധിച്ച് ആശുപത്രി അധികൃതർ നൽകുന്ന എസ്റ്റിമേറ്റ് എന്നിവ സഹിതം ബന്ധപ്പെട്ട ബ്ലോക്ക് /നഗരസഭ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ നൽകേണ്ടതാണ്.

Rashmi das

സെക്ഷൻ ഓഫീസർ.